**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്മശ്രീ ലാറിബേക്കർ ജന്മശതാബ്ദി ആഘോഷം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 3953/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 08/12/2017

---

പരാമർശം:- 1. ലാറി ബേക്കർ സെന്റിനറി സെലിബ്രേഷൻ ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാന്റെ 23.11.2017 ലെ കത്ത്.

2. 16/02/2006 ലെ സ.ഉ.(സാധാ)58/06/തസ്വഭവ നമ്പർ ഉത്തരവ്.

**ഉത്തരവ്**

പാവങ്ങളുടെ പെരുന്തച്ചൻ എന്ന ഖ്യാതി നേടിയ പത്മശ്രീ ലാറിബേക്കറുടെ ജന്മശതാബ്ദി വിപുലമായ പരിപാടികളോടുകൂടി ആഘോഷിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ആഘോഷ പരിപാടികളുടെ നിർവ്വഹണത്തിന് ബഹു.ധനമന്ത്രി ഡോ.തോമസ് ഐസക്ക് ചെയർമാനായി ദേശീയ സംഘാടകസമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുന്നുവെന്നും ടി പരിപാടികളുടെ നടത്തിപ്പിന് പഞ്ചായത്തുകളിൽ നിന്ന് 2,500/- രൂപ വീതവും, മുനിസിപ്പാലിറ്റികളിൽ നിന്ന് 10,000/- രൂപ വീതവും കോർപ്പറേഷനുകളിൽ നിന്ന് 25,000/- രൂപ വീതവും തനത് ഫണ്ടിൽ നിന്ന് നൽകണമെന്ന് ലാറി ബേക്കർ സെന്റിനറി സെലിബ്രേഷൻ ഓർഗനൈസിംഗ് കമ്മിറ്റി ചെയർമാൻ പരാമർശം(1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്മശ്രീ ലാറിബേക്കറുടെ ജന്മശതാബ്ദി വിപുലമായ ആഘോഷപരിപാടികളോടുകൂടി സംഘടിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 2,500/- (രണ്ടായിരത്തി അഞ്ഞൂറ്) രൂപ വീതവും, മുനിസിപ്പാലിറ്റികളിൽ നിന്ന് 10,000/- (പതിനായിരം) രൂപ വീതവും കോർപ്പറേഷനുകളിൽ നിന്ന് 25,000/- (ഇരുപത്തി അയ്യായിരം) രൂപ വീതവും അവരവരുടെ കമ്മിറ്റി/ കൗൺസിൽ തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ/കോർപ്പറേഷൻ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ചെയർമാൻ, ലാറി ബേക്കർ സെന്റിനറി സെലിബ്രേഷൻ ഓർഗനൈസിംഗ് കമ്മിറ്റി, 4th ഫ്ലോർ, സി ബ്ലോക്ക്, സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം - 695034
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ